## പതിനാലാം കേരള നിയമസഭ
## 10-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 2171** **08.03.2018 -ൽ മറുപടിയ്ക്ക്**

**നീലക്കുറിഞ്ഞി പൂക്കുന്ന സീസണിൽ വിനോദസഞ്ചാരികളെ ആകർഷിക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) നീലക്കുറിഞ്ഞി പൂക്കുന്ന സീസൺ ആയതിനാൽ മൂന്നാർ മേഖലയിലേക്ക് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും അവർക്കുവേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;ആയതിനെ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ;<br><br>(ബി) ഇല്ലെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | എ) & ബി) കുറിഞ്ഞി സീസൺ 2018 ന് ലോക ടൂറിസം മാപ്പിൽ ഇടം ഉറപ്പിക്കുന്നതിനായുള്ള നടപടികളുടെ ഭാഗമായി വിവരസാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രചാരണം നടത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വെബ്സൈറ്റിലൂടേയും യൂറ്റ്യൂബ് ചാനലിലൂടേയും ആണ് പ്രചാരണം പ്രധാനമായും നടത്തുക. ടൂറിസം വെബ്സൈറ്റിലേക്കും, യൂറ്റ്യൂബ് ചാനലിലേക്കും കുറിഞ്ഞിയെക്കുറിച്ചുള്ള വിവരങ്ങൾ തേടുന്ന പത്തു ലക്ഷം പേരെയെങ്കിലും എത്തിക്കുക യാണ് പ്രചാരണത്തിന്റെ ലക്ഷ്യം. "Campaign for Neelakurinji Season 2018" ന് വേണ്ടി 64 ലക്ഷം രൂപയുട ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>മൂന്നാറിൽ 12 വർഷം കൂടുമ്പോൾ പൂക്കുന്ന നീലക്കുറിഞ്ഞി സീസണിൽ സന്ദർശകരുടെ തിരക്ക് മുന്നിൽ കണ്ട് ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തുന്നതിന് ടൂറിസം വകുപ്പ് നേരത്തെ തന്നെ തീരുമാനിക്കുകയും ടൂറിസം ഡയറക്ടറും ഇടുക്കി ജില്ലാ കളക്ടറും വനം വകുപ്പും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിരുന്നു 11/10/2017 ൽ ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലും 3/1/2018 ൽ ടൂറിസം, വനം മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിലും നീലക്കുറിഞ്ഞി പൂക്കുന്നതിനു മുന്നോടിയായി വിവിധ വകുപ്പുകൾ/ എജൻസികൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് തീരുമാനമെടുത്തിരുന്നു. വാഹന നിയന്ത്രണ മേർപ്പെടുത്തൽ, പാർക്കിംഗ് സൗകര്യം വർദ്ധിപ്പിക്കൽ, മാലിന്യ നിർമ്മാർജ്ജനം, ശുചിമുറിസൗകര്യം വർദ്ധിപ്പിക്കൽ ദുരന്തങ്ങൾ നേരിടുന്നതിനുള്ള മുന്നൊരുക്കങ്ങൾ, റോഡ് പ്രവൃത്തികൾ / അറ്റകുറ്റ പണികൾ, ആശുപത്രി സൗകര്യം വർദ്ധിപ്പിക്കൽ, നീലകുറിഞ്ഞി ചെടികളുടെ സംരക്ഷണം ഒരുക്കൽ എന്നിവയ്ക്ക് നടപടികൾ സ്വീകരിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇരവികുളം നാഷണൽ പാർക്കിൽ അടിസ്ഥാനസൗകര്യ വികസനത്തിനായി ടൂറിസം വകുപ്പ് മൂന്നാർ വൈൽഡ് ഡിവിഷന് 88 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ